പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2039 26-10-2026-ൽ മറുപടിയ്ക്ക്

2026-27 ലെ എം.ബി.ബിഎസ് കോഴ്സ് പ്രവേശനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. കുറുക്കോളി മൊയ്തീൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) 2026-27 അധ്യയനവർഷത്തിൽ കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളിൽ നിലവിൽ എം.ബി.ബി.എസ്.-ന് പ്രവേശനം ലഭിച്ചിട്ടുള്ള പൊതു വിഭാഗത്തിലെയും സംവരണ വിഭാഗത്തിലെയും അവസാന വിദ്യാർത്ഥിയുടെ നീറ്റ് -യു.ജി. പരീക്ഷയിലെ റാങ്ക് നില എത്രയാണ് എന്ന് പ്രത്യേകം വ്യക്തമാക്കാമോ;

മറുപടി:

Category	NEET RANK
General	12519
Ezhava	28186
Muslim	25434
Latin Catholic and Anglo Indian	47345
Dheevara and Related Communities	71673
Viswakarma and Related Communities	29986
Other Backward Hindu	32905
Other Backward Christian	44574
Kusavan and Related Communities	120482
Kudumbi	297427
SC	178164
ST	321033

(ബി) 2026-27 അധ്യയനവർഷത്തിൽ സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ പ്രവേശനം ലഭിക്കാൻ അവസരം ഉണ്ടായിട്ടും ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ പ്രവേശനം ലഭിക്കാത്തതിനാൽ എം.ബി.ബി.എസ് കോഴ്സിന് പ്രവേശനം നേടാത്ത വിദ്യാർഥികളുടെ എണ്ണം ജില്ലതിരിച്ച് ലഭ്യമാക്കാമോ;

മറുപടി: വിവരം ശേഖരിച്ച് വരുന്നു.

(സി) സംസ്ഥാനത്ത് നീറ്റ് -യു.ജി. പരീക്ഷയിൽ ഉയർന്ന റാങ്ക് നേടിയിട്ടും സർക്കാർ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്. പ്രവേശനം ലഭിക്കാത്തതിനാൽ സ്വകാര്യ മെഡിക്കൽ കോളേജുകളിലെ ഉയർന്ന ഫീസ് താങ്ങാൻ കഴിയാതെ മെഡിക്കൽ വിദ്യാഭ്യാസം എന്ന സ്വപ്നം ഉപേക്ഷിക്കേണ്ടിവരുന്ന വിദ്യാർഥികളുടെ പ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: എം.ബി.ബി.എസ് പ്രവേശന നടപടികൾ അവസാനിച്ചിട്ടില്ലാത്തതിനാൽ കൃത്യമായ വിവരം ലഭ്യമായിട്ടില്ല. സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്. പ്രവേശനം ലഭിക്കുന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് നിബന്ധനകൾക്ക് വിധേയമായി ബി.പി.എൽ സ്കോളർഷിപ്പ് അനുവദിച്ചു വരുന്നു.

(ഡി) 2026-27 അധ്യയനവർഷത്തിൽ സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. സീറ്റുകളുടെ ആകെ എണ്ണം എത്രയാണ് എന്നും സ്വകാര്യ മെഡിക്കൽ കോളേജുകളിലെ ആകെ എം.ബി.ബി.എസ്. സീറ്റ് എത്രയാണെന്നും പ്രത്യേകം അറിയിക്കാമോ;

മറുപടി: 2026-27 അധ്യയനവർഷത്തിൽ സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. സീറ്റുകളുടെ ആകെ എണ്ണം 1855 ആണ്. 2026-27 അധ്യയനവർഷത്തിൽ സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. സീറ്റുകളുടെ ആകെ എണ്ണം 3700 ആണ്.

(ഇ) 2026-27 അധ്യയനവർഷത്തിൽ നീറ്റ് റാങ്കിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് സർക്കാർ സീറ്റിലേക്ക് അർഹത നേടിയിട്ടും പ്രവേശനം നേടാത്ത വിദ്യാർഥികളുടെ എണ്ണം എത്രയാണ് എന്ന് ജില്ലതിരിച്ച് അറിയിക്കാമോ;

മറുപടി: വിവരം ശേഖരിച്ച് വരുന്നു.

(എഫ്) സർക്കാർ മെഡിക്കൽ കോളേജുകളിൽ പ്രവേശനം ലഭിക്കാത്തതുംഎന്നാൽ നീറ്റ് -യു.ജി. റാങ്ക് ലിസ്റ്റിൽ ഉയർന്ന റാങ്ക് നേടിയിട്ടുള്ളതുമായ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് സ്വാശ്രയ കോളേജുകളിൽ എം.ബി.ബി.എസ്. പഠനം നടത്തുന്നതിന് പ്രത്യേക സാമ്പത്തിക സഹായപദ്ധതി, സ്കോളർഷിപ്പ്, പലിശരഹിത വിദ്യാഭ്യാസ വായ്പ എന്നിവ ഏർപ്പെടുത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ;

മറുപടി: സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്. പ്രവേശനം ലഭിക്കുന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് നിബന്ധനകൾക്ക് വിധേയമായി ബി.പി.എൽ സ്കോളർഷിപ്പ് അനുവദിച്ചു വരുന്നു.

(ജി) സർക്കാർ മെഡിക്കൽ കോളേജുകളിൽ അധിക എം.ബി.ബി.എസ്. സീറ്റുകൾ അനുവദിക്കുന്നതിനും നിലവിലുള്ള അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തി കൂടുതൽ വിദ്യാർഥികൾക്ക് പ്രവേശനസൗകര്യം ഒരുക്കുന്നതിനും നടപടി സ്വീകരിക്കുമോ?

മറുപടി: തിരുവനന്തപുരത്തു ആരംഭിക്കുന്ന കെ.കരുണാകരൻ സർക്കാർ മെഡിക്കൽ കോളേജിൽ ആദ്യഘട്ടത്തിൽ 100 എം.ബി.ബി.എസ്. സീറ്റുകൾക്ക് നാഷണൽ മെഡിക്കൽ കമ്മീഷന്റെ അംഗീകാരവും എം.ബി.ബി.എസ്. പ്രവേശനത്തിനുള്ള അനുമതിയും നേടിയെടുക്കുന്നതിനുള്ള നടപടികളും അതിനുവേണ്ടിയുള്ള അടിസ്ഥാനസൗകര്യ വികസനങ്ങളും പുരോഗമിക്കുന്നു.

കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ **"Strengthening and Upgradation of State Government/Central Government Medical Colleges for starting new PG disciplines and increasing PG seats" "Upgradation of existing Medical Colleges for increasing MBBS seats"** എന്നിവയുടെ ഭാഗമായി വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിലായി ആകെ **130 MBBS** സീറ്റുകൾ വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ